പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3154 15.02.2013-ൽ മറുപടിയ്ക്ക്

## ചിട്ടി കമ്പനികളുടെ സുരക്ഷയ്ക്കുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ലൂഡി ലൂയീസ്<br>ശ്രീ.പാലോട് രവി | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | പുതിയ കേന്ദ്ര ചിട്ടി നിയമംമൂലം വിപണിയിൽ നിന്നും വിട്ടു നിൽക്കുന്ന സംസ്ഥാനത്തെ ചിട്ടി കമ്പനികളുടെ സുരക്ഷയ്ക്ക് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ; | (എ) യും (ബി) യും | കേന്ദ്ര ചിട്ടി നിയമ പ്രകാരം സംസ്ഥാനത്ത് തുടങ്ങുന്ന ചിട്ടികളുടെ രജിസ്ട്രേഷൻ മാത്രമാണ് രജിസ്ട്രേഷൻ വകുപ്പ് വഴി നടത്തുന്നത്. എന്നാൽ ചിട്ടി കമ്പനികളുടെ രജിസ്ട്രേഷനും സുരക്ഷയും കമ്പനീസ് ആക്ട് പ്രകാരമുള്ളവയാണ്. ആയവ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട വിഷയമല്ല. |
| (ബി) | സംസ്ഥാനത്ത് ചിട്ടി കമ്പനികളുടെ എണ്ണത്തിൽ ഇടിവു വന്നത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ ; വിശദാംശങ്ങൾ എന്തെല്ലാം ; | | |
| (സി) | പുതിയ ചിട്ടികൾ രജിസ്റ്റർ ചെയ്യാത്തതുമൂലവും ആരംഭിക്കാത്തതുമൂലവും രജിസ്ട്രേഷൻ ഫീസിനത്തിൽ സർക്കാരിനുണ്ടായ നഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തുന്ന കാര്യം ആലോചിക്കുമോ ; വിശദമാക്കുമോ ; | (സി) | കേന്ദ്ര ചിട്ടി നിയമം നിലവിൽ വന്നശേഷം ചിട്ടി രജിസ്ട്രേഷനിൽ കുറവുണ്ടായിട്ടില്ല. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇതുവരെ 372 ചിട്ടികൾ കൂടുതലായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ പഴയ ചിട്ടി നിയമം അനുസരിച്ച് ചിട്ടി സലയുടെ 5% ഫീസ് വേണ്ട സ്ഥാനത്ത് ഇപ്പോൾ ആകെ 760 രൂപമാത്രമാണ് ഓരോ ചിട്ടികൾക്കും ഫീസ് ഇനത്തിൽ ലഭിക്കുന്നത്. ആയതിനാൽ ഫീസിനത്തിൽ 2,22,32,700/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ചിട്ടി നിയമത്തിലെ ചില വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനും ഫീസ് നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനുമുള്ള ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ